

EXPERT TALK

**A.M.Faizal,**
Nirman Designs

# COURTYARD ഒരുക്കാം style ആയി

വീടിന്റെ അകത്തളങ്ങളുടെ ഭംഗി വർധിപ്പിക്കുക എന്നതിലപ്പുറം അകത്തളങ്ങളിലേക്ക് ആവശ്യത്തിന് നാച്ചുറൽ ലൈറ്റിംഗും കാറ്റും ലഭിക്കുക എന്ന ദൗത്യമാണ് യഥാർത്ഥത്തിൽ കോർട്ട്യാർഡുകൾ നിർവ്വഹിക്കുന്നത്. താരതമ്യേന വലിയ വീടുകളിലെ മധ്യഭാഗത്തായും വശങ്ങളിലായും ഇവ രൂപകല്പന ചെയ്യാറുണ്ട്. ആവശ്യപ്രകാരം ഒന്നിൽ കൂടുതൽ നടുമുറ്റവും ചെയ്തുവരാറുണ്ട്.

വീടിനുള്ളിലേക്ക് പ്രകൃതിയുടെ പോസിറ്റീവ് എനർജിയെ ആവശ്യപ്രകാരം കൊണ്ടുവരുന്നതിനൊപ്പം തന്നെ വീടിനുള്ളിലെ ഹോട്ട് എയറിനെ പുറത്തേക്കു കളയാനുള്ള സംവിധാനം റൂഫിങ്ങ് ഭാഗങ്ങളിൽ നടത്തുകയും ചെയ്യുമ്പോഴാണ് ഇവ ശരിക്കും പ്രയോജനകരമായി മാറുന്നത്. വീടിന്റെ കോമൺ ഏരിയകളിൽനിന്നും വ്യൂ കിട്ടുന്ന അകത്തളങ്ങളിലെ ഓരോ സ്പേസിലേക്കും പോസിറ്റീവ് എനർജി ലഭിക്കുന്ന തരത്തിലാണ് ഇവ ഡിസൈൻ ചെയ്യേണ്ടത്.

സാധാരണ ഫ്ളോർ ലെവലിൽനിന്നും 15-30 സെ. മീ. വരെ താഴ്ത്തിയാണ് ഇവ ചെയ്യാറുള്ളത്. അതോടൊപ്പം ഫ്ളോർ ലെവലിൽനിന്നും രണ്ടിഞ്ച് താഴ്ത്തി ആർട്ടിഫിഷ്യൽ ഗ്രാസും മറ്റും പിടിച്ചുള്ള മോഡേൺ രീതിയും കണ്ടുവരാറുണ്ട്. ഇതേ ട്രീറ്റ്മെന്റ് ...... ചെയ്യാവുന്നതാണ്. ഒരോ സ്റ്റാൻഡേർഡ് കോർട്ട്യാർഡ് ഡിസൈൻ സാധാരണ രീതിയിൽ 3 മീ x 3 മീ. ആണ്. വീടിന്റെ വശങ്ങളോട് ചേർന്നതാണെങ്കിൽ 3x1.5 മീ. മുതൽ 3x1.8 മീ. വരെയൊക്കെ നൽകിവരാറുണ്ട്. ആവശ്യപ്രകാരം ഫങ്ഷനെ അടിസ്ഥാനപ്പെടുത്തി വിവിധ ഡിസൈനിലും ഇവ രൂപകല്പന ചെയ്യാവുന്നതാണ്. ഇതിൽ വലിയ കോർട്ട് യാർഡുകളിൽ അതിന്റെ സ്ട്രെക്ചറിനെ സേഫ് ആക്കി നിർത്തുവാൻ തൂണുകളുണ്ടെങ്കിൽ അവയുടെ കയ്യെത്തുന്ന ഭാഗങ്ങളിൽ അഴക്കു പറ്റാതിരിക്കുവാൻ ക്ലാഡിങ്ങ് ടൈലുകളോ അല്ലെങ്കിൽ ഡാർക്ക് ടെക്സ്ചർ പെയ്ന്റുകളോ കൊടുക്കാവുന്നതാണ്. ഇത് കോർട്ട്യാർഡിന്റെ മനോഹാരിത കൂട്ടുന്നതിലപ്പുറം ഒരു ഫങ്ഷനലും കൂടി ആയിത്തീരുന്നു. ഫസ്റ്റ് ഫ്ളോറിൽനിന്നും ഡബിൾ ഹൈറ്റ് കൊടുത്ത് ഫസ്റ്റ് ഫ്ളോറിലേക്കും അതിന്റെ എനർജി ലെവൽ കിട്ടുന്ന രൂപത്തിലും കോർട്ട്യാർഡ് ചെയ്യാവുന്നതാണ്.

ഫസ്റ്റ്ഫ്ളോറിൽനിന്നും കോർട്ട്യാർഡിലേക്കു വ്യൂ കിട്ടുന്ന രൂപത്തിൽ ഡിസൈൻ ചെയ്യുന്നതും നന്നായിരിക്കും. കോർട്ട്യാർഡിന്റെ വെർട്ടിക്കൽ ട്രീറ്റ്മെന്റ് എന്ന ലെവലിൽ ഗ്രൗണ്ട്ഫ്ളോറിലും ഫസ്റ്റ്ഫ്റോളിലും അതിന്റെ ഉപയോഗവും സ്കൈലൈറ്റും പാസ് ചെയ്യുന്ന രീതിയിൽ തിട്ടപ്പെടുത്തിയും ചെയ്യാവുന്നതാണ്.

കോർട്ട്യാർഡിനെ ഫങ്ഷണൽ ആക്കേണ്ടതുണ്ടെങ്കിൽ, കുട്ടികൾക്കു വായിക്കുവാനും വരയ്ക്കുവാനും ഉള്ള സ്പേസ് ആക്കി മാറ്റണമെങ്കിൽ കോർട്ട്യാർഡിന്റെ ഇന്റേണലിൽ ഉള്ള സ്പേസ് പ്ലാൻ ചെയ്




തിട്ട് അതിനനുസരിച്ചുള്ള സ്പേസ് ക്രമീകരിച്ച് ബാക്കിയുള്ള ഭാഗങ്ങളിൽ ഇൻഡോർ ഫ്ളാറ്റുകളും പെബിൽസുകളും ഒക്കെ ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ കുട്ടികൾക്ക് കംഫേർട്ട് ആയി ഉപയോഗിക്കാൻ പറ്റുന്ന ഡക്ക്വുഡ് ഫ്ളോറിങ്ങ് അല്ലെങ്കിൽ ഒരു ഡ്രൈ ഏരിയ ആയൊക്കെ കോർട്ട്യാർഡിനെ ക്രമീകരിക്കാം.

ഫ്ളോർ ലെവലിൽനിന്നും താഴ്ന്നുള്ള ഒരു ഏരിയ ആയതിനാൽ ഇവിടെ ഫ്ളോറിങ്ങിലും വ്യത്യസ്തത വരുത്തുന്നതു നല്ലതാണ്. അതായത് കോർട്ട്യാർഡിനോടനുബന്ധിച്ചുള്ള വരാന്തകളിലും കോമൺ ഏരിയകളും പ്ലെയിൻ കളറാണ് ഉപയോഗിച്ചതെങ്കിൽ കോർട്ട്യാർഡ് എഡ്ജുകളിലും സ്കേർട്ടിങ്ങിലുമൊക്കെ കളർ വേരിയേഷൻ നൽകാവുന്നതാണ്.

മഴവെള്ളം ഉള്ളിലേക്ക് പതിക്കുന്ന രീതിയിലും മുകളിൽ ഗ്ലാസിലോ പോളികാർബണേറ്റ് ഷീറ്റിലോ റൂഫിങ്ങ് നൽകിയും കോർട്ട്യാർഡുകൾ ചെയ്തുവരുന്നു. മുകളിൽ പതിക്കുന്ന മഴവെള്ളത്തെ ഗട്ടറിലൂടെ ശേഖരിക്കാം. താഴെ വീഴുന്ന വെള്ളം സ്പ്രെഡ് ആവാതിരിക്കാൻ മുകളിൽനിന്നും ചെയിനിലൂടെ ഇറക്കി ചേംബർ ഹോളിലൂടെ റെയിൻ വാട്ടർ സ്റ്റോറേജിലേക്കു കൃത്യമായി എത്തിക്കുന്നതാണ് ശരിയായ ട്രീറ്റ്മെന്റ്. സേഫ്റ്റിക്കുവേണ്ടി കോർട്ട്യാർഡിനു മുകളിൽ സ്ലാബിൽ പെർഗോള സിസ്റ്റം, മെറ്റലിലോ കോൺക്രീറ്റിലോ ചെയ്യാവുന്നതാണ്.

ഡിസൈൻ കൺസെപ്റ്റിനനുസരിച്ച് വ്യത്യസ്ത മെറ്റീരിയലുകളാണ് കോർട്ട്യാർഡിൽ ഉപയോഗിക്കാറുള്ളത്. നാച്ചുറൽ ഇൻഡോർ ചെടികൾ, ഡ്രൈ റൂട്ടുകൾ, അനുയോജ്യമായ വുഡ് സ്റ്റിക്കുകൾ എന്നീ വ്യത്യസ്ത മെറ്റീരിയലുകൾ കൊണ്ടൊക്കെ കോർട്ട്യാർഡ് അലങ്കരിക്കാവുന്നതാണ്. കൂടാതെ ലെതർ ഫിനിഷ് മാർബിൾസ്, ക്ലേ ടൈലുകൾ, വുഡ്, പെബിൾസ്, ആർട്ടിഫിഷ്യൽ ഗ്രാസ് എന്നിവ ഉപയോഗിച്ചും ആകർഷകമായി ഫ്ളോറുകളും ചിട്ടപ്പെടുത്താവുന്നതാണ്. കുട്ടികൾക്കൊക്കെ ഇറങ്ങി കളിക്കാൻ പാകത്തിൽ മണൽ തരികൾ വിരിച്ചും നിലമൊരുക്കാറുണ്ട് ചിലയിടങ്ങളിൽ. കൂടാതെ കോർട്ട്യാർ



ഡിന്റെ ഒരു വശം ചുമരാണെങ്കിൽ ക്ലാഡിങ്ങ് സ്റ്റോണുകളോ വുഡ് പാനലിങ്ങോ ഉപയോഗിച്ച് മറുഭാഗം അറേഞ്ച് ചെയ്യാം. ചുരുക്കത്തിൽ ആകർഷകവും സൗകര്യപ്രദവുമായി ആവശ്യത്തിനു കാറ്റും വെളിച്ചവും കിട്ടുന്ന രീതിയിൽ ഡിസൈൻ കോൺസെപ്റ്റിനനുയോജ്യമായി വീടകത്തിന് മുഴുവൻ ഭംഗിയും ആസ്വദിക്കാൻ പറ്റുന്ന രീതിയിലാണ് ഈ നടുമുറ്റങ്ങൾ അലങ്കരിക്കേണ്ടത്.

ഒരലങ്കാരമായിട്ടല്ല മറിച്ചു വീടിനുള്ളിലെ നമ്മുടെ ജീവിതത്തെ സന്തോഷപൂർണ്ണമാക്കാൻ അനുയോജ്യമായ ആവശ്യം എന്ന നിലയ്ക്കാണ് ഇവ പരിഗണിക്കപ്പെടുന്നത്.

**ഒരലങ്കാരമായിട്ടല്ല മറിച്ചു വീടിനുള്ളിലെ നമ്മുടെ ജീവിതത്തെ സന്തോഷപൂർണ്ണമാക്കാൻ അനുയോജ്യമായ ആവശ്യം എന്ന നിലയ്ക്കാണ് കോർട്ട്യാർഡ് പരിഗണിക്കപ്പെടുന്നത്**

